**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2109** **16-03-2022 - ൽ മറുപടിയ്ക്ക്**

**വിദേശത്തു നിന്ന് മടങ്ങിയ വിദ്യാർത്ഥികളുടെ തുടർപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ ഉന്നത പഠനത്തിനായി പോയ വിദ്യാർത്ഥികൾ യുദ്ധം, മഹാമാരി പോലുള്ള കാരണങ്ങളാൽ മടങ്ങി വരുന്ന സാഹചര്യത്തിൽ ഇവരുടെ തുടർ പഠനത്തിനായി നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | റഷ്യ-ഉക്രയിൻ സംഘർഷത്തിന്റെ ഭാഗ മായി നാട്ടിലേക്ക് തിരികെ വന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമാണ്. സർട്ടിഫിക്കറ്റുകളും മറ്റു വിലപ്പെട്ട രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും പഠനം തുടരാനും കഴിയുന്ന സാഹചര്യം ഒരുക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നോർക്കയുടെ നേതൃത്വ ത്തിൽ പ്രത്യേക സെൽ പ്രവർത്തിക്കും. അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവർത്തനത്തിനായി 10 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ബാങ്ക് വായ്പയെടുത്ത് വിദേശത്ത് പഠനം നടത്തുന്നതിനിടയിൽ യുദ്ധം പോലുള്ള സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബാങ്ക് വായ്പ തിരിച്ചടവിനെ സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസത്തിന് ബാങ്കുകൾ വായ്പ അനുവദിക്കുന്നത് ഹൗസ് സർജൻസി ഉൾപ്പെടെയുള്ള പഠനകാലയളവിനു പുറമേ ഒരു വർഷം കൂടി തിരിച്ചടവ് സാവകാശം നൽകിയാണ്. ഈ കാലാവധി കഴിയുന്ന മുറയ്ക്കോ തൊഴിൽ സമ്പാദിക്കുന്ന സാഹചര്യത്തിലോ വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്ന രീതിയാണ് നിലവിലുള്ളത്. |
| (സി) | വിദേശ സർവ്വകലാശാലകൾ ഓൺലൈൻ ക്ലാസ് വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും മെഡിക്കൽ വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകൾ സംബന്ധിച്ചുള്ള വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം സംബന്ധിച്ച് ദേശീയ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം മാത്രമേ തുടർ തീരുമാനം കൈക്കൊള്ളാനാവൂ. |

സെക്ഷൻ ഓഫീസർ